**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** | **22-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ബാലാവകാശ കമ്മീഷന്റെ പ്രവർത്തങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടു കൂടി പ്രത്യേക സംവിധാനം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് -സി.പി.സി.ആർ ആക്റ്റ്) പ്രകാരം രൂപവത്ക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂൺ 3 നാണ് പ്രവർത്തനം ആരംഭിച്ചത്. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ. ആക്റ്റ്), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളുമാണ് കമ്മീഷനുള്ളത്. കമ്മീഷൻ മുഖേന നടത്തി വരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലത്തിൽ ബാലാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ ലംഘനങ്ങളും പിഴവുകളും ഉണ്ടായാൽ ബാലാവകാശ കമ്മീഷൻ ഇടപെട്ട് ബന്ധപ്പെട്ട അധികാരികൾക്ക് നീതി നടപ്പിലാക്കുന്നതിന് ആവശ്യമായ ശുപാർശകളും, നിർദ്ദേശങ്ങളും നൽകിവരുന്നു. കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടി സംസ്ഥാന ബാലാവകാശ കമ്മീഷൻ 'ബാലസൗഹൃദ കേരള'ത്തിലൂടെ ബാലസുരക്ഷ സമിതികളുടെ ശാക്തീകരണത്തിനായി ബാലനീതി നിയമം മാതൃക ചട്ടം 91 അനുശാസിക്കുന്ന പ്രകാരം എല്ലാ ജില്ലാ മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള തെരഞ്ഞെടുക്കപ്പെട്ട നിർവാഹകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുട്ടികൾ അതിക്രമങ്ങൾ നേരിടുന്ന സ്ഥലങ്ങൾ സന്ദർശിക്കുകയും ശിശു സൗഹാർദപരമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുന്നു. കേരളത്തിലെ ആദിവാസിമേഖലകൾ സന്ദർശിക്കുകയും, കോവിഡ് കാലത്ത് കുട്ടികളുടെ പഠനകാര്യങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡാനന്തരം സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി എല്ലാ ജില്ലകളിലേയും വിദ്യാഭ്യാസ വകുപ്പും മറ്റു വകുപ്പുകളുടെ ഏകോപനത്തോട് കൂടി യോഗം ചേർന്ന്, കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ലൈംഗികാതിക്രമത്തിൽ നിന്ന് അതിജീവിതരായ കുട്ടികൾക്കുള്ള നഷ്ട പരിഹാരം (ആശ്വാസനിധി) സമയ ബന്ധിതമായി ലഭിക്കുന്നതിനും നിലവിലെ അപര്യാപ്തത പരിഹരിക്കുന്നതിനുമേലുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിച്ചുവരുന്നു. ബാലനീതി നിയമം, പോക്സോ നിയമം, ആർ.റ്റി.ഇ നിയമം എന്നിവയുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോ ചനാ യോഗം സംഘടിപ്പിച്ചുവരുന്നു. കുട്ടികളുമായി ബന്ധപ്പെട്ട കാലാനുസൃതമായ വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുകയും യോഗങ്ങൾ നടത്തി നടപടികൾ സ്വീകരിച്ചുവരുകയും ചെയ്തുവരുന്നു. പൊതുജനത്തിനും ഉദ്യോഗതലത്തിലും ബാലനിയമങ്ങൾ സുപരിചതമാക്കുന്ന തിനായി ബാലനീതി നിയമം, പോക്സോ നിയമം, കേരളത്തിൽ കുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ, സ്കീമുകൾ എന്നിവയുടെ കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | ബാലാവകാശ കമ്മീഷന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റ് ചെയ്യാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ബാലാവകാശ കമ്മീഷന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റാണ് ഓഡിറ്റ് ചെയ്തു വരുന്നത്. |
| (സി) | സംസ്ഥാന ബാലാവകാശ കമ്മീഷൻ രൂപീകരിച്ചതിനു ശേഷം ഏതെല്ലാം വർഷങ്ങളിൽ കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വാർഷിക റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിച്ചതിനു ശേഷം 2019 -2020 വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ നിയമസഭയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ